DESPATCHED
On..29-06-20.....
5-3-20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2245*(2)/2015*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14692**/*എസ്.ഐ.സി-ജി 6/15*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.മുണ്ടേല പി.ബഷീർ,
ചെയർമാൻ, പൊതുജനവേദി,
പുന്നക്കടയിൽ, കണിയാപുരം,
തിരുവനന്തപുരം – 695 301.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്,
വെടിവച്ചാൻകോവിൽ പി.ഒ., ബാലരാമപുരം(വഴി),
തിരുവനന്തപുരം ജില്ല – 695 501.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് അസി.ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.03.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.04.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04.05.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18.06.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 12.09.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 14.09.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3)വകുപ്പുപ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.മുണ്ടേല പി.ബഷീർ,

12.09.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 14.09.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2245(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ വിവരങ്ങൾ ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 31.03.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ വിവരങ്ങൾ നൽകണമെന്നും ക്വാറികൾ നടത്തുന്നതിന് വേണ്ടി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളും അനുബന്ധരേഖകളും അടങ്ങിയ ഫയലിന്റെ പകർപ്പുകളും നൽകണമെന്നുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 28.04.2015ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 18.06.2015ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപ്പീൽ തീർപ്പാക്കുന്നതിനായി നോട്ടീസ് നൽകിയപ്രകാരം ഇരുകക്ഷികളും ഹാജരാകുകയും ചെയ്തുവെന്നുമാണ്. തുടർന്ന് ഹർജിക്കാരന്റെ അപേക്ഷയും ആയതിന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയും വിശദമായി പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 7-ാം ചോദ്യത്തിനൊഴികെയുള്ള വിവരങ്ങൾക്ക് ഒന്നാം എതിർകക്ഷി തൃപ്തികരമായ മറുപടി നൽകിയിട്ടില്ലെന്നും ഹർജിക്കാരൻ അപ്പീൽ അധികാരി മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ നിന്നും ഏത് കാലയളവിലെ വിവരമാണ് ടിയാൻ ആവശ്യപ്പെട്ടതെന്ന് മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ് 2015-16ലെ വിവരങ്ങൾ നൽകിയതെന്ന് ഒന്നാം എതിർകക്ഷി അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഏത് കാലയളവിലെ വിവരമാണ് ടിയാൻ ആവശ്യപ്പെട്ടതെന്ന് വ്യക്തമല്ലെന്ന് അപ്പീൽ അധികാരി നിരീക്ഷിക്കുകയും ചെയ്തു. എന്നാൽ ഹിയറിംഗ് വേളയിൽ ടിയാന് 2014-2015 കാലയളവിലെ വിവരമാണ് ലഭ്യമാക്കേണ്ടതെന്ന് അറിയിച്ച സാഹചര്യത്തിൽ ഫീസടക്കുന്ന മുറയ്ക്ക് 10 ദിവസത്തിനകം ആയത് നൽകാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 08.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന് സമയബന്ധിതമയ മറുപടി നൽകിയിട്ടുണ്ടെന്നും ഏതു വർഷമാണെന്ന് വ്യക്തമാക്കാത്തതിനാൽ ഫീസ് ഒടുക്കാൻ ആവശ്യപ്പെട്ടിരുന്നില്ലെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിൽ ടിയാൻ 2014–15 വർഷത്തെ ക്വാറികളെ സംബന്ധിച്ച രേഖകളുടെ പകർപ്പാണ് ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുകയും ടി പകർപ്പുകൾ ഫീസ് ഒടുക്കുന്ന മുറയ്ക്ക് നൽകണമെന്ന് രണ്ടാം എതിർകക്ഷി നിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പകർപ്പു ഫീസായ 2985/- രൂപ ഒടുക്കേണ്ടതാണെന്ന് 04.07.2015ൽ കത്തു നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 05-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)